സ്ഥാപനങ്ങൾ അനുവദിക്കുന്ന ദീർഘകാല വായ്പകൾക്ക് അഞ്ചു ശതമാനം പലിശ സബ്സിഡി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നതാണ്. ഇതിനു പുറമേ മറ്റ് യാതൊരു സഹായവും ടി പദ്ധതിയിൽ വിഭാവന ചെയ്തിട്ടില്ല. നവീകരണത്തിനുവേണ്ട ദീർഘകാലവായ്പകൾ, സംരംഭകൻ നേരിട്ട് ബാങ്കിന് നൽകേണ്ടതും, വായ്പ നേരിട്ട് സ്വീകരിക്കേണ്ടതുമാണ്. ഈ സാഹചര്യത്തിൽ ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിൽ നിന്നുമുള്ള ധനസഹായത്തിന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടേണ്ടതില്ല.

45 (621) കയർമേഖലയുടെ വികസനം

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ കയർ റിസർച്ച് സെന്റർ ആരംഭിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) എക്കോ കയർ വില്ലേജുകൾ ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ;

(ഡി) എങ്കിൽ ഇവ ആരംഭിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; ഇവ ഏതെല്ലാം ജില്ലകളിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) കയർത്തൊഴിലാളികൾക്ക് പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) കയർഫെഡ് വഴി ആരംഭിക്കാൻ നടപടി എടുത്തുവരുന്നു.

(സി) പ്രഖ്യാപിച്ചിരുന്നു.

(ഡി) ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട പരിശോധിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) ഉണ്ട്.

(എഫ്) ഈ പദ്ധതി നടപ്പാക്കുന്നത് തൊഴിൽ വകുപ്പാണ്. അടുത്ത സാമ്പത്തികവർഷം മുതൽ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

46 (622) കയറിന്റെ തറവില

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കയറിന്റെ കയറ്റുമതി നിരക്കിൽനിന്നും ഇംപ്ളീച്ചുമെന്റ് ചാർജ്ജുകൾ വെടികുറയ്ക്കുവാൻ കേന്ദ്രസർക്കാർ എടുത്ത തീരുമാനം കേരളത്തിലെ കയർ മേഖലയിൽ പ്രതിസന്ധി ഉളവാക്കിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തീരുമാനം റദ്ദാക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) കയറിന്റെയും കയറുല്പന്നങ്ങളുടെയും കയറ്റുമതി തറവിലയിൽ 1995,1996,1997 എന്നീ വർഷങ്ങളിലുണ്ടായ വർദ്ധനവ് വ്യക്തമാക്കുമോ;

(ഡി) 1999-ൽ കയറ്റുമതി തറവില പുതുക്കുകയുണ്ടായോ;

(ഇ) വിദേശവിപണിയിലെ വില കുറയ്ക്കാൻ കേന്ദ്രസർക്കാർ എടുത്ത നടപടി ആഭ്യന്തരവിപണിയെ പ്രതികൂലമായ ബാധിക്കുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്

(ബി) തറവില പുന: നിർണ്ണയം ചെയ്തു കേന്ദ്രസർക്കാർ എടുത്ത തീരുമാനം റദ്ദാക്കിയതിന്റെ അനിവാര്യത പ്രധാനമന്ത്രിയുടെയും കേന്ദ്ര വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തികൊണ്ട് മുഖ്യമന്ത്രിയും വ്യവസായ സാമൂഹ്യക്ഷേമവകുപ്പുമന്ത്രിയും കത്തുകൾ അയക്കുകയുണ്ടായി. ഇതിനുപുറമേ വ്യവസായ സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി കേന്ദ്രമന്ത്രിയെ നേരിൽകണ്ടു വിഷയം ശ്രദ്ധയിൽപ്പെടുത്തുകയും യാതൊരു കാരണവശാലും നിലവിലുള്ള തറവിലയിൽ മാറ്റം വരുത്തരുതെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കയറിന്റെയും കയറുല്പന്നങ്ങളുടേയും തറവില ഏറ്റവും അവസാനം പുനർനിർണ്ണയം ചെയ്തുകൊണ്ട് കേന്ദ്ര സർക്കാർ തീരുമാനം എടുത്തത് 15.6.1995 ൽ ആണ്. പ്രസ്തുത തറവിലയിൽ 22.8.97 മുതൽ 13.5% വർദ്ധനവ് കയർബോർഡ് വരുത്തിയെങ്കിലും കേന്ദ്രസർക്കാർ അത് അംഗീകരിക്കുകയുണ്ടായില്ല.

(ഡി) ഇല്ല

(ഇ) കയറ്റുമതിരംഗത്തെ തീരുമാനങ്ങൾ പലപ്പോഴും ആഭ്യന്തരവിപണിയേയും സ്വാധീനിക്കാറുണ്ട്.

47 (623) കയറിന്റെ മിനിമം എക്സ്പോർട്ട് പ്രൈസ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിൽ നിലനിൽക്കുന്ന മിനിമം എക്സ് പോർട്ട് പ്രൈസ് എടുത്തുകളയാൻ കേന്ദ്രഗവൺമെന്റ് നീക്കം നടത്തുന്നതിനെതിരെ സംസ്ഥാന സർക്കാർ എന്തെല്ലാം വിധത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം പരിഗണിക്കുമെന്ന് കേന്ദ്രസർക്കാർ വാഗ്ദാനം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly